(ഡി) വൈദ്യുതിയുടെ അനധികൃത ഉപയോഗം തടയുന്നതിനുവേണ്ടി വിജിലൻസ് ആന്റ് സെക്യൂരിറ്റി വിഭാഗം ഐ.ജി.യുടെ മേൽനോട്ടത്തിൽ 3 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഈ പ്രാദേശിക യൂണിറ്റുകൾ. എച്ച്.റ്റി.ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെ മീറ്ററുകളും മറ്റും പരിശോധിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും വേണ്ടി കോട്ടയവും കോഴിക്കോടും ആസ്ഥാനമാക്കി 1996 നവംബർ മുതൽ 2 സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മോഷണം തടയുന്നതിനും അനധികൃത ഉപയോഗം കണ്ടെത്തുന്നതിനുംവേണ്ടി ഉദ്യോഗസ്ഥന്മാർ കാലാകാലങ്ങളിൽ പരിശോധനകൾ നടത്തുന്നുണ്ട്. മീറ്ററുകളുടെ ലഭ്യതയനുസരിച്ച് കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ

19 (*49) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ കഴിഞ്ഞ വർഷം സംസ്ഥാനം സന്ദർശിച്ചിരുന്നുവോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ദേശീയ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചിരുന്നുവോ, എങ്കിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ പ്രവർത്തനങ്ങളെ സംബന്ധിച്ച് ദേശീയ കമ്മീഷന്റെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ ആരംഭിച്ചിട്ടുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ദേശീയകമ്മീഷന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) ദേശീയ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നതു സംബന്ധിച്ച് ദേശീയ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം വെളിപ്പെടുത്തിയിരുന്നുവോ ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാന തലത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ, എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ. വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സന്ദർശിച്ചിരുന്നു.

(ബി) കേരളത്തിൽ നടപ്പിലാക്കി വരുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആയുള്ള വികസനപ്രവർത്തനങ്ങളിൽ പൊതുവേ ദേശീയ കമ്മീഷൻ അംഗങ്ങൾ സംതൃപ്തി പ്രകടിപ്പിച്ചു. നാഷണൽ കമ്മീഷൻ പ്രകടിപ്പിച്ച അഭിപ്രായം ചുവടെ ചേർക്കുന്നു :- പ്രത്യേക ഘടകപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും കൂടിയുള്ള ചെലവ് എട്ടാം പദ്ധതിയിൽ 72 ശതമാനം ആയി കുറവു വന്നതിന്റെ കാരണങ്ങൾ ആരാഞ്ഞു. 1981-നു ശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു നൽകുന്നതിനു സ്വീകരിച്ച നടപടികൾ വിലയിരുത്തി. പെൺകുട്ടികൾക്കായുള്ള അഗളി പ്രീമെട്രിക് ഹോസ്റ്റലിൽ മികച്ച സാനിട്ടറി സൗകര്യം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചു. അവിവാഹിത അമ്മയായ അട്ടപ്പാടിയിലെ അനക്കൽ വില്ലേജിലെ ശ്രീമതി സിന്ധു എന്ന യുവതിക്ക് തൊഴിൽ നൽകുവാനും കൂടാതെ സിന്ധുവിന്റെ അച്ഛന്റെ മരണത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാനും നിർദേശം നൽകി. സർക്കാർ ഖജനാവിൽ നിന്ന് ചെലവു വഹിക്കുന്ന എയിഡഡ് സ്കൂളുകളുടെ അദ്ധ്യാപക നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്യുന്നതിന് ചട്ടങ്ങൾ നിർമ്മിക്കണമെന്നും അഭിപ്രായപ്പെട്ടു. പിന്നോക്കപ്രദേശങ്ങളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിലേക്കായി പ്രഗൽഭരായ അദ്ധ്യാപകരെ നിയമിക്കണമെന്ന് കമ്മീഷൻ അംഗം അറിയിച്ചു. കേരളത്തിൽ വിജയകരമായി നടപ്പാക്കി വരുന്ന കുടുംബശ്രീയുടെ പ്രയോജനം പ്രിമിറ്റീവ് ട്രൈബ്സ് കൂടുതലായുള്ള തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വനവിഭവങ്ങൾ ശേഖരിക്കുന്ന സഹകരണസ്റ്റോറുകൾ വഴി വിപണനം നടത്താൻ നൽകിയ വായ്പ 100 ശതമാനവും തിരിച്ചടക്കാൻ കഴിഞ്ഞതിൽ കമ്മീഷൻ സംതൃപ്തി രേഖപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച കൃഷി ഭൂമി വാങ്ങൽ പദ്ധതിയെ കമ്മീഷൻ അഭിനന്ദിച്ചു.

(സി) കമ്മീഷൻ അംഗങ്ങൾ തിരുവനന്തപുരത്തെ കട്ടേല ഡോ. അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂൾ സന്ദർശിക്കുകയും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ മതിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു.

(ഡി) അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല.

(ഇ) പരിഗണനയിലുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പിരിച്ചുവിടണമെന്ന ശുപാർശ

20 (*50) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പിരിച്ചുവിടണമെന്ന് സഹകരണ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly